LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജ് വിദൂര സ്ഥലത്തേക്ക് മാറ്റുന്നതിനുള്ള സമ്മർദ്ദങ്ങൾ നടന്നുവരുന്നതായി അറിയുന്നു. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് മെഡിക്കൽ കോളേജുകൾ തീരെയില്ലാത്ത ഒരു ജില്ലയാണ് കാസർഗോഡ്. അതുകൊണ്ട് ഈ മെഡിക്കൽ കോളേജ് ഒരു കാരണവശാലും കാസർഗോഡ് ജില്ലയിൽനിന്ന് മാറ്റാൻ പാടില്ല. കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്ന അതേ കാമ്പസിൽതന്നെ മെഡിക്കൽ കോളേജ് ആരംഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കാസർഗോഡ് ജില്ലയിൽ പെരിയയിലെ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ 310 ഏക്കർ സ്ഥലം കേന്ദ്ര സർവ്വകലാശാലയ്ക്ക് അനുവദിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ കേന്ദ്ര സർവ്വകലാശാലയുടെ കീഴിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനുള്ള ശിപാർശയോ അത് ജില്ലയ്ക്ക് പുറത്തുകൊണ്ടുപോകുന്നതിനുള്ള നിർദ്ദേശമോ ഔപചാരികമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല. ഔപചാരികമായി എന്തെങ്കിലും അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

2. വനം വകുപ്പ് ഉദ്യോഗസ്ഥർ പിടിച്ചെടുത്ത ഭൂമി

ശ്രീ. പി. കൃഷ്ണപ്രസാദ് : സർ, വയനാട് ജില്ലയിലെ കാഞ്ഞിരത്തിനാൽ ജോർജ്ജ്, സഹോദരൻ ജോസ് എന്നിവരുടെ ഭൂമി 2006-ലെ മന്ത്രിസഭാ തീരുമാനപ്രകാരം വിട്ടുകൊടുക്കാൻ തീരുമാനിച്ചിരുന്നു. വനം വകുപ്പിന്റെ രേഖകൾ പ്രകാരവും ഫോറസ്റ്റ് ട്രൈബ്യൂണലിന്റെയും ഹൈക്കോടതിയുടെയും നിലവിലുള്ള വിധികൾ പ്രകാരവും പ്രസ്തുത ഭൂമി വനഭൂമിയാണ്. എന്നാൽ 2007-ൽ ഇത് സംബന്ധിച്ച് പരിശോധിച്ച കോഴിക്കോട് ഫോറസ്റ്റ് മിനിസർവ്വേ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ സർവ്വേ നമ്പർ 239/9-ന്റെ സബ് ഡിവിഷണൽ സ്റ്റേറ്റ്മെന്റ് കൃത്രിമമായി തയ്യാറാക്കിയതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് 2007-ൽ റിപ്പോർട്ട് കിട്ടിയിട്ടും ഇത് സംബന്ധിച്ച് പരിശോധിക്കാനോ യഥാർത്ഥ വസ്തുതകൾ കണ്ടെത്തി ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകാനോ തയ്യാറാകാതെ പ്രിൻസിപ്പൽ സി.ഡി.എഫ്. ശ്രീ. ടി. എ. മദനഹരന്റെ നേതൃത്വത്തിലുള്ള ഫോറസ്റ്റ് ഉദ്യോഗസ്ഥർ ഈ കുറ്റം മറച്ചുപിടിക്കാനാണ് കഴിഞ്ഞ മൂന്ന് കൊല്ലമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിൽ റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് പ്രകാരം ഈ സ്റ്റേറ്റ്മെന്റ് കൃത്രിമമായി തയ്യാറാക്കിയതാണെന്നും ഫോറസ്റ്റിന്റെ ഭൂമിയെന്ന് ഇവർ അവകാശപ്പെടുന്ന ഭൂമി ഫോറസ്റ്റിന്റെ തന്നെ രേഖകളിൽ വെട്ടിത്തിരുത്തി തരിശായി കിടക്കുന്ന സ്വകാര്യ പാട്ടഭൂമി എന്നാണ് കാണിച്ചിരിക്കുന്നത് എന്നുള്ള വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ സമർപ്പിച്ചിട്ടുള്ളതാണ്. വനം വകുപ്പിലെ പ്രിൻസിപ്പൽ സി.സി.എഫ്. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരെ മാറ്റി നിറുത്തിക്കൊണ്ട് മന്ത്രിസഭാ തീരുമാനം നടപ്പിലാക്കാനും യഥാർത്ഥ വസ്തുതകൾ കണ്ടെത്താനും

പ്രസ്തുത ഭൂമി വനഭൂമിയല്ലെന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകുന്നതിനും വനം വകുപ്പിനുപകരം ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. പാവപ്പെട്ടവരെ തകർക്കാൻ ശ്രമിക്കുന്ന നടപടിയിൽ നിന്ന് ഉദ്യോഗസ്ഥരെ പിന്തിരിപ്പിക്കണം കേരളത്തിന്റെ മാധ്യമങ്ങൾ ഏറ്റവും ശക്തമായി ഉയർത്തിയ ഒരു വിഷയമാണിത്. ഇതിൽ കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി ശക്തമായ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ. 1971-ലെ കേരള സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമം സെക്ഷൻ 3(1) അനുസരിച്ച് 10-5-1971-ൽ കേരളത്തിലെ സ്വകാര്യവനങ്ങളുടെ ഉടമസ്ഥാവകാശവും കൈവശാവകാശവും സർക്കാരിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. അപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ വനഭൂമിയാണ് വയനാട് ജില്ലയിലെ കാഞ്ഞിരങ്ങാട് വില്ലേജിലെ (പഴയ തൊണ്ടർനാട് വില്ലേജ്) സർവ്വേ നമ്പർ 239/1-ൽപ്പെട്ട 25.6857 ഹെക്ടർ ഭൂമി ഇതിൽ 16.41 ഹെക്ടർ ഭൂമി അളന്ന് തിരിച്ച് നിക്ഷിപ്ത വനം ചട്ടം 2(എ) പ്രകാരം 8-7-1977-ൽ 4713/77-ബി നമ്പർ പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ബാക്കിയുള്ള 11.1757 ഹെക്ടർ നിക്ഷിപ്തഭൂമി സംബന്ധിച്ച് ചട്ടം 2(എ) അനുസരിച്ചുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നില്ല. ഈ ഭൂമിയിൽപ്പെട്ട 12 ഏക്കറിനാണ് ശ്രീ. കാഞ്ഞിരത്തിനാൽ ജോർജ്ജും സഹോദരൻ ജോസും അവകാശവാദമുന്നയിച്ച് ഫോറസ്റ്റ് ട്രൈബ്യൂണലിനെ സമീപിച്ച് ഒ. എ.- 356/76 ഫയൽ ചെയ്തത്. ഈ കേസിൽ രണ്ടുപ്രാവശ്യം നേരിട്ട് സ്ഥലപരിശോധന നടത്തിയ ട്രൈബ്യൂണൽ അപേക്ഷ കക്ഷിക്ക് വാസസ്ഥലമുൾപ്പെടുന്ന 75 സെന്റിന് മാത്രമേ അർഹതയുള്ളൂ എന്നു ബോദ്ധ്യമാവുകയും അപ്രകാരം 16-2-1985-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ടിയാൻമാർ എം.എഫ്.എ-492/85 നമ്പരായി അപ്പീൽ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ഈ കേസ് തള്ളിക്കളയുകയും ചെയ്തു. ഇപ്രകാരം 75 സെന്റ് ഒഴികെയുള്ള ഭൂമി ഫോറസ്റ്റ് ട്രൈബ്യൂണലിന്റെ വിധിയുടെ അടിസ്ഥാനത്തിൽ നിക്ഷിപ്ത വനമായി കയ്യേറ്റങ്ങളൊന്നുമില്ലാതെ വനം വകുപ്പ് സംരക്ഷിച്ചുവരുന്നു. ഈ ഭൂമി ഇപ്പോൾ സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലാണ്.

എന്നാൽ ജോർജ്ജും സഹോദരനും ചേർന്നു വീണ്ടും സർക്കാരിന് നൽകിയ നിവേദനം റവന്യൂ വകുപ്പ് പരിശോധിക്കുകയും ടി ഭൂമി റവന്യൂ ഭൂമിയാണ് എന്ന വയനാട് ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭയുടെ അംഗീകാരത്തോടെ ജി.ഒ. (എം.എസ്.) 128/07 ആയി 19-4-2007-ൽ നിവേദകന് അനുകൂലമായി ഉത്തരവ് നൽകി. എന്നാൽ പ്രസ്തുത ഉത്തരവിനെതിരെ വൺ എർത്ത് വൺ ലൈഫ് എന്ന സന്നദ്ധ സംഘടന ഡബ്ല്യു.പി.സി 17844/08-00 നമ്പർ ആയി കേസ് ഫയൽ ചെയ്യുകയും സർക്കാർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും, ഈ സ്റ്റേ ഉത്തരവ് ഇപ്പോഴും നിലനിൽക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഈ വിഷയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ പരിഗണനയിൽ രണ്ടു കേസ്സുകൾ ഇപ്പോൾ നിലവിലുണ്ട്. വൺ എർത്ത് വൺ ലൈഫ് എന്ന സംഘടന ഫയൽ ചെയ്ത ഡബ്ല്യു.പി.സി. നമ്പർ 17844/08-ഉം 18-2-1991-ലെ എം.എഫ്.എ. 482/85-ലെ ഹൈക്കോടതി ഉത്തരവിനെതിരെ ശ്രീ. കാഞ്ഞിരത്തിനാൽ ജോസും ജോർജ്ജും ഫയൽ ചെയ്ത എം.ജെ.സി. 470/08-മാണ് ഇവ. ഈ കേസ്സുകളിൽ മേൽ സത്യവാങ്മൂലം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ സമർപ്പിച്ചിട്ടുണ്ട്. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന വിഷയത്തിൽ സർക്കാരിന് നടപടികൾ സ്വീകരിക്കുവാൻ തൽക്കാലം നിർവ്വാഹമില്ലാത്ത അവസ്ഥയാണ്.

പരാതിക്കാധാരമായ ഭൂമിയുടെ നിജസ്ഥിതിയെ സംബന്ധിച്ച വ്യത്യസ്ത നിലപാടുകളുടെ വെളിച്ചത്തിൽ വനം വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി നേരിട്ട് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് വയനാട് കളക്ടർക്ക് റവന്യൂ വകുപ്പ് അടിയന്തര സന്ദേശം നൽകിയിട്ടുണ്ട്.

കൃാബിനറ്റ് തീരുമാനം നടപ്പിലാക്കുന്നതു സംബന്ധിച്ച പ്രശ്നം ബഹുമാനപ്പെട്ട എം.എൽ.എ. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. സർക്കാർ തീരുമാനം നടപ്പിലാക്കാതെ തെറ്റായ രേഖകൾ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ ഉത്തരവാദിത്തം നിശ്ചയിക്കുന്നതിനുമായി ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്.

3. വൈദ്യുതാഘാതംമൂലമുള്ള മരണം

<u>ശ്രീ. കെ. എം. മാണി</u> : സർ, പാലാ മുനിസിപ്പാലിറ്റിയിലെ ളാലം പുത്തൻപള്ളി വക സ്ഥലത്തുകൂടി പോകുന്ന 11 കെ.വി. ലൈനിൽ ഘടിപ്പിച്ചിരുന്ന എർത്ത് വയറിൽകൂടി ഭൂമിയിലേക്ക് പ്രവഹിക്കുന്ന വൈദ്യുതി ആഘാതമേറ്റ് ഈ മാസം 17-ാം തീയതി ഉച്ചതിരിഞ്ഞ് 3.30-ന് ളാലം പുത്തൻപള്ളി വികാരി റവ. ഫാ. മാത്യു തൊണ്ടാംകുഴിയും ജോലിക്കാരി അച്ചാമ്മയും സംഭവസ്ഥലത്ത് മരണപ്പെടുകയുണ്ടായി. ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകണം. എർത്ത് കമ്പിയിൽ കൂടി വൈദ്യുതി പ്രവാഹം ഉണ്ടാകാനിടയായത് സാങ്കേതികരംഗത്ത് എന്തെങ്കിലും പിശക്മൂലമാണോ എന്നത് സംബന്ധിച്ച് അന്വേഷണം നടത്തണം. ജോലിക്കാരി വൈദ്യുതാഘാതമേറ്റ് നിലവിളിച്ചുകൊണ്ട് വീഴുന്നതുകണ്ട് അവരെ രക്ഷിക്കാൻ വേണ്ടി ചെന്ന അച്ചനും ഉടനെ വൈദ്യുതാഘാതമേറ്റു മരണപ്പെടുകയാണുണ്ടായത്. നഷ്ടപരിഹാരം കൊടുക്കുക മാത്രമല്ല, എർത്ത് വയറിൽ നിന്നും ഭൂമിയിലേക്ക് വൈദ്യുത പ്രവാഹം ഉണ്ടായതിൽ, സാങ്കേതിക പിശകുണ്ടായിട്ടുണ്ടെങ്കിൽ ഇലക്ട്രിസിറ്റി ബോർഡിന് അതിന്റെ ഉത്തരവാദിത്വമുണ്ട്. അതിന് റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യണം. അതിനെ സംബന്ധിച്ച് ഒരു അന്വേഷണം അനിവാര്യമാണ്.

പിന്നോക്ക പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>) : സർ, ബഹുമാനപ്പെട്ട മാണി സാർ ഉന്നയിച്ചതു പോലെ 17-2-2011-ന് പാലാ പുത്തൻപള്ളി വികാരി ഫാ. മാത്യു തൊണ്ടാംകുഴി

LIBRARY ARCHIVES Kerala Legislative Assembly